"ഭരണഭാഷ - മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 29/11/2019

നമ്പർ:DT/6594/2019-A6

## ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്റ്- - ജീവനക്കാര്യം - വാർഷിക Performance Appraisal Form II (B) ലഭ്യമാക്കുന്നത് സംബന്ധിച്ച് :-

ഗസറ്റഡ് തസ്തികയിലെ സ്ഥാനക്കയറ്റത്തിനുള്ള ഫീഡർ കാറ്റഗറിയിൽ സേവനത്തിലുള്ള ജീവനക്കാർ ഓരോ വർഷവും ജനുവരി മാസത്തിൽ മുൻവർഷത്തെ വാർഷിക Performance Appraisal Form II (A) (Confidential Report) സമർപ്പിക്കണം എന്ന വ്യവസ്ഥയുണ്ടെങ്കിലും വ്യാവസായിക പരിശീലന വകുപ്പിലെ ജീവനക്കാരിൽ പലരും ടി നിർദേശം പാലിച്ച് കാണുന്നില്ല. ആയത് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൾ യഥാസമയം ചേരുന്നതിനു തടസ്സമാകുന്നു. ആയതിനാൽ 2018 വരെയുള്ള വാർഷിക Performance Appraisal Form II (A) ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ജെ എ എ (ടി) തസ്തികയിലെ നിലവിലെ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട എഞ്ചിനീയറിംഗ് ഡിഗ്രി, ഡിപ്ലോമ യോഗ്യതയുള്ള എല്ലാ ജീവനക്കാരും 05/12/2019 നുള്ളിൽ വ്യാവസായിക പരിശിലന വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ലഭ്യമാക്കി രസീത് വാങ്ങേണ്ടതാണ്.

2019 വർഷത്തെ Performance Appraisal Form II (A) ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലെ നിലവിലെ ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട എഞ്ചിനീയറിംഗ് ഡിഗ്രി, ഡിപ്ലോമ യോഗ്യതയുള്ള എല്ലാ ജീവനക്കാരും 10/01/2020 നകം ലഭ്യമാക്കണം എന്നും അറിയിക്കുന്നു

**ജോയിൻറ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ് : എല്ലാ ഐടിഐ പ്രിൻസിപ്പാൾ മാരും ട്രെയിനിംഗ് ഓഫീസർമാരും
(ബന്ധപ്പെട്ട ജീവനക്കാർക്ക് രേഖാമൂലം അറിയിപ്പ് നൽകേണ്ടതാണ്)